പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2478 05.11.2019-ലെ മറുപടിയ്ക്ക്

## പി.മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കായിക സമുച്ചയം എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പി.മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ; | (എ) & (ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പി.മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിന് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻഡോർ സ്റ്റേഡിയം മലബാർ സിമന്റ്സിന്റെ അധീനതയിലുള്ള കോനംപാറയിൽ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബി അംഗീകാരം ലഭിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭ്യമാകാത്തതിനാൽ മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയം കോമ്പൗണ്ടിലേക്ക് പദ്ധതി മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ച് പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ; ആയതിനായി സർക്കാർ തലത്തിൽ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ